പത്രക്കുറിപ്പ്

# പോലീസ് വാഹനം അടിച്ചു തകർത്ത കേസ്സിലെ മുഖ്യപ്രതി പിടിയിൽ

## യുവതിയുടെ വീട് ആക്രമിച്ച് ലൈംഗീകാതിക്രമവും കവർച്ചയും നടത്തിയ മൂന്നംഗസംഘം പിടിയിൽ

### പോലീസ് വാഹനം അടിച്ചു തകർത്ത കേസ്സിലെ മുഖ്യപ്രതി പിടിയിൽ

തിരുവനന്തപുരം :- തിരുവല്ലം പോലീസ് സ്റ്റേഷൻ വാഹനം അടിച്ചു തകർത്ത കേസ്സിലെ മുഖ്യപ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടയ്ക്കാട് വാഴത്തോട്ടം മേലെപുത്തൻ വീട്ടിൽ നന്ദു എന്ന് വിളിക്കുന്ന അജിത് (20)-നെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഡിസംബർ 24-നാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. മോഷണക്കേസ്സിലെ പ്രതികളെ അന്വേഷിച്ച് പോയ പോലീസ് സംഘം സഞ്ചരിച്ച വാഹനം അജിത്തിന്റെ നേതൃത്വത്തിലുള്ള 13 അംഗസംഘം വണ്ടിത്തടം ശാന്തിപുരത്ത് വച്ച് തടഞ്ഞു നിർത്തി വാഹനത്തിന്റെ ചില്ല് അടിച്ചു തകർത്ത് കടന്നു കളയുകയായിരുന്നു. സംഭവത്തിന്



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത
അജിത് @ നന്ദു (20)

ശേഷം ഒളിവിൽ പോയ പ്രതികളിൽ 10 പേരെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. അന്വേഷണം തുടർന്ന് വരവെ ഫോർട്ട് അസ്സിസ്റ്റന്റ് കമ്മീഷണർ പ്രതാപൻ നായർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് കേസ്സിലെ ഒന്നാം പ്രതിയായ ഇയാളെ പിടികൂടിയത്. തിരുവല്ലം എസ്.എച്ച്.ഒ വി.സജികുമാർ, എസ്.ഐ-മാരായ നിധിൻ നളൻ, മനോഹരൻ, എ.എസ്.ഐ ഗിരീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## യുവതിയുടെ വീട് ആക്രമിച്ച് ലൈംഗീകാതിക്രമവും കവർച്ചയും നടത്തിയ മൂന്നംഗസംഘം പിടിയിൽ



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
വിന്ധ്യൻ (34), ഹേമന്ദ് (27), വിനോദ് (38)

തിരുവനന്തപുരം :- യുവതിയുടെ വീട് ആക്രമിച്ച് ലൈംഗീകാതിക്രമവും കവർച്ചയും നടത്തിയ മൂന്നംഗസംഘത്തെ പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മരുതൂർക്കടവിൽ താമസിക്കുന്ന യുവതിയുടെ വീട്ടിൽ അതിക്രമിച്ചു കയറി വീട്ടും

വീട്ടുപകരണങ്ങളും തല്ലിതകർക്കുകയും സ്വർണ്ണാഭരണങ്ങളും പണവും പിടിച്ചുപറിച്ച് യുവതിക്ക് നേരെ ലൈംഗികാതിക്രമം നടത്തുകയും ചെയ്ത കേസ്സിലാണ് ഇവർ പിടിയിലായത്. മലയിൻകീഴ് സ്വദേശികളായ കിച്ചു എന്നു വിളിക്കുന്ന ഹേമന്ദ് (27), ധനുഷ് എന്നു വിളിക്കുന്ന വിന്ധ്യൻ (34), കരമന നെട്ടുങ്കാട് സ്വദേശി പുഞ്ചിരി വിനോദ് എന്നു വിളിക്കുന്ന വിനോദ് (38) എന്നിവരെയാണ് ഫോർട്ട് പൊലീസും കന്റോൺമെന്റ് പോലീസും സംയുക്തമായി അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ജനുവരി 21-ന് രാത്രിയിലാണ് കേസ്സിനാസ്പദമായ സംഭവം. അതിക്രമത്തിനിരയായ യുവതിയുടെ സുഹൃത്തായ പെൺകുട്ടിയുടെ ഭർത്താവാണ് അറസ്റ്റിലായ ഹേമന്ദ്. ഹേമന്ദ് നിരവധി കേസുകളിലെ പ്രതിയാണെന്ന വിവരം പെൺകുട്ടിയുടെ വീട്ടുകാരെ അറിയിച്ചു എന്നാരോപിച്ചാണ് ഹേമന്ദും സുഹൃത്തുക്കളായ സഹകുറ്റവാളികളും ചേർന്ന് യുവതിയുടെ വീടാക്രമിച്ചത്. ആക്രമണവിവരം പുറത്ത് പറയാതിരിക്കാൻ യുവതിയെ ലൈംഗികാതിക്രമത്തിന് വിധേയമാക്കുന്നത് ഇവർ മൊബൈൽ ഫോണിൽ ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ.വി.ഗോപിനാഥിന്റ നിർദേശാനുസരണം ഫോർട്ട് അസ്സിസ്റ്റന്റ് കമ്മീഷണർ പ്രതാപൻ നായരുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം നടത്തിയ തെരച്ചിലിലാണ് സംഘം വലയിലായത്. ഹേമന്ദിന്റെ പേരിൽ മലയിൻകീഴ് പൊലീസിനെ വടിവാളു വീശി ആക്രമിച്ചതും കഠിനംകുളത്ത് ബോംബെറിഞ്ഞ് ജൂവലറി കൊള്ളയടിച്ചത് ഉൾപ്പെടെ പത്തോളം ക്രിമിനൽ കേസുകൾ നിലവിലുണ്ട്.

വിസ്ഥ്യനം വധശ്രമം ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണ്. പുഞ്ചിരി വിനോദ് കാപ്പാ (KAAPA} നിയമപ്രകാരമുള്ള നടപടി നേരിട്ടുന്നയാളുമാണ്. ഫോർട്ട് എസ് എച്ച് ഓ രാകേഷ്, ഫോർട്ട് എസ്.ഐ–മാരായ വിമൽ, സജു എബ്രഹാം, അനുരാജ്, ആശ.വി.രേഖ, സെൽവയസ്, കന്റോൺമെന്റ് എസ്.ഐ സന്തോഷ്, സി.പി.ഒ–മാരായ സാബു, ബിനു എന്നിവരുൾപ്പെട്ട സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

തിരുവനന്തപുരം സിറ്റി

25–01–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി